തിരുവനന്തപുരം: താണുപദ്മനാഭൻ, വസന്തി പത്മനാഭൻ എന്നിവർ രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ച ശാസ്ത്രത്തിന്റെ ഉദയം എന്ന പുസ്തകം ഫിഷറീസ്- സാംസ്കാരിക-യുവജനകാര്യവകുപ്പ് മന്ത്രി സജി ചെറിയാൻ പ്രകാശനം ചെയ്തു. മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് ഡോ. എം. സി. ദത്തൻ പുസ്തകം സ്വീകരിച്ചു. മലയാളം ജന്മം നല്കിയ വിശ്വപ്രതിഭകളില് ഏറ്റവും പ്രഥമസ്ഥാനത്ത് നില്ക്കുന്ന പ്രഗല്ഭനാണ് പ്രൊഫസര് താണു പത്മനാഭനെന്നു മന്ത്രി പറഞ്ഞു. പ്രപഞ്ചത്തിന്റെ ഉത്ഭവവും പരിണാമവും, ഗുരുത്വാകർഷണ പ്രതിഭാസം, ക്വാണ്ടം ഫിസിക്സ് എന്നീ മേഖലകളിലെ ഗവേഷണവഴികളിൽ മഹാരഥന്മാരായ ശാസ്ത്രജ്ഞർക്കൊപ്പം തന്റെ പേര് കൂടെ എഴുതിചേര്ത്താണ് പ്രൊഫസര് താണു പത്മനാഭന് വിടവാങ്ങിയത്. ആജീവനാന്ത ഗവേഷണ നേട്ടം പരിഗണിച്ച് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ഉന്നത ശാസ്ത്ര ബഹുമതിയായ കേരള ശാസ്ത്രപുരസ്കാരം 2021 ല് നമ്മുടെ സര്ക്കാര് അദ്ദേഹത്തിന് സമര്പ്പിക്കുകയുണ്ടായി. ഏത് കൊച്ചുകുട്ടിക്കും മനസിലാകുന്ന രീതിയില് എഴുതപ്പെട്ട ഈ ഗ്രന്ഥം നമ്മുടെ കുട്ടികള്ക്കും ശാസ്ത്രകുതുകികള്ക്കും പ്രയോജനപ്രദമായ ഒരു വൈജ്ഞാനിക പുസ്തകമായി സ്വീകരിക്കപ്പെടുമെന്ന കാര്യത്തില് സംശയമില്ല. ആധുനിക വിജ്ഞാനം മലയാളഭാഷയിൽ കൊണ്ടുവരുന്നതിന് കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് വഹിച്ച പങ്ക് നിസ്തുലമാണെന്നും മന്ത്രി കൂട്ടിച്ചേര്ത്തു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യൻ അധ്യക്ഷത വഹിച്ചു. കലാകൗമുദി എഡിറ്റർ വി. ഡി. സെൽവരാജ് പുസ്തകം പരിചയപ്പെടുത്തി. വിവർത്തകൻ പി. സുരേഷ് ബാബു, കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് യൂണിയന് ചെയര്മാന് തൻസീൽ അഹമ്മദ്, ഗവേഷക യൂണിയന് ചെയര്മാന് ജിബിൻ ഫ്രാൻസിസ് എന്നിവർ സംസാരിച്ചു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അസി. ഡയറക്ടര് ഡോ. ഷിബു ശ്രീധര് സ്വാഗതവും സീനിയര് റിസര്ച്ച്

ഓഫീസര് ഡോ.റ്റി. ഗംഗ നന്ദിയും പറഞ്ഞു. സ്പ്രിംഗര് പ്രസിദ്ധീകരിച്ച ദി ഡോണ് ഓഫ് സയന്സ് എന്ന ഇംഗ്ലീഷ് പുസ്തകത്തിന്റെ മലയാളം പരിഭാഷയാണിത്. 540 രൂപ വിലയുള്ള ഈ പുസ്തകം കേരള ഭാഷാ ഇന്സ്റ്റിറ്റ്യൂട്ട് വില്പ്പനശാലകളില് ലഭ്യമാണ്.



താണു പത്മനാഭൻ, വസന്തി പത്മനാഭൻ എന്നിവർ രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ശാസ്ത്രത്തിന്റെ ഉദയം എന്ന പുസ്തകം മന്ത്രി സജി ചെറിയാൻ ഡോ. എം സി ദത്തന് നൽകി പ്രകാശിപ്പിക്കുന്നു

# 'ശാസ്ത്രത്തിന്റെ ഉദയം' പ്രകാശിപ്പിച്ചു

**തിരുവനന്തപുരം**

താണു പത്മനാഭൻ, വസന്തി പത്മനാഭൻ എന്നിവർ രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ച ശാസ്ത്രത്തിന്റെ ഉദയം എന്ന പുസ്തകം മന്ത്രി സജി ചെറിയാൻ പ്രകാശിപ്പിച്ചു. മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് ഡോ. എം സി ദത്തൻ പുസ്തകം സ്വീകരിച്ചു. മലയാളം ജന്മം നൽകിയ വിശ്വപ്രതിഭകളിൽ ഏറ്റവും പ്രഥമസ്ഥാനത്ത് നിൽക്കുന്ന പ്രഗൽഭനാണ് പ്രൊഫ. താണു പത്മനാഭനെന്നു മന്ത്രി പറഞ്ഞു.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം സത്യൻ അധ്യക്ഷനായി.

വി ഡി സെൽവരാജ് പുസ്തകം പരിചയപ്പെടുത്തി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അസി. ഡയറക്ടർ ഡോ. ഷിബു ശ്രീധർ, വിവർത്തകൻ പി സുരേഷ് ബാബു, തൻസീൽ അഹമ്മദ്, ജിബിൻ ഫ്രാൻസിസ്, ഡോ. ടി ഗംഗ എന്നിവർ സംസാരിച്ചു.

കാര്യവട്ടം ക്യാമ്പസിലെ കേരള സർവകലാശാല ടീച്ചേഴ്സ് അസോസിയേഷൻ ഹാളിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പുസ്തകമേളയിലാണ് പുസ്തകം പ്രകാശിപ്പിച്ചത്. 20 ശതമാനം മുതൽ 60 ശതമാനം വരെ വിലക്കിഴിവുണ്ട്.